പിന്നോക്ക സമുദായങ്ങളുടെ ക്ഷേമ പദ്ധതികൾ

123 [1469] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി ഇപ്പോൾ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി പട്ടികജാതി വികസന വകുപ്പിൽനിന്നും വരുമാന പരിധിക്ക് വിധേയമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നു.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസനകോർപ്പറേഷനിലൂടെ പിന്നോക്കസമുദായങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾക്ക്

1. സ്വയംതൊഴിൽ പദ്ധതി
2. വിദ്യാഭ്യാസ പദ്ധതി
3. സന്നദ്ധ സംഘടനകൾവഴി ലഘുവായ്പാ പദ്ധതി.

മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക്

1. വനിതകൾക്കായുള്ള പ്രത്യേക സ്വയംതൊഴിൽ പദ്ധതി
2. സ്വയം സാക്ഷ്യം പദ്ധതി (പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയിട്ടുള്ളവർക്ക്)
3. പെൺകുട്ടികളുടെ വിവാഹ സഹായ പദ്ധതി.
4. സർക്കാർ/പൊതു/സ്വകാര്യമേഖലാ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്രവാഹന വായ്പാ പദ്ധതി
5. വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി
6. വിദേശത്ത് ജോലി തേടി പോകുന്നവർക്കുള്ള വായ്പാ പദ്ധതി
7. സർക്കാർ/പൊതു/സ്വകാര്യ മേഖലാ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പാ പദ്ധതി
8. സർക്കാർ/പൊതു/സ്വകാര്യ മേഖലാ ഉദ്യോഗസ്ഥർക്കുള്ള വേന പുനരുദ്ധാരണ വായ്പാ പദ്ധതി
9. ഇൻസ്റ്റിറ്റ്യൂട്ട്/ഫ്രാൻചൈസ് ഡവലപ്പ്മെന്റ് വായ്പാ പദ്ധതി.

പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്കും മറ്റു ശിപാർശിത വിഭാഗക്കാർക്കും വേണ്ടി സംസ്ഥാന സർക്കാരിന്റെയും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ധനസഹായത്തോടെ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾ

1. കൃഷി ഭൂമി വായ്പ
2. ഭവന നിർമ്മാണ വായ്പ
3. ഭവന പുനരുദ്ധാരണ വായ്പ
4. വിദേശ തൊഴിൽ വായ്പ
5. വിവാഹ ധനസഹായ വായ്പ
6. വിദ്യാഭ്യാസ പ്രോൽസാഹന സമ്മാന വിതരണം.

ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ധന സഹായത്തോടെയുള്ള പദ്ധതികൾ

1. വിവിധ സ്വയം തൊഴിൽ വായ്പാ പദ്ധതി
2. വിദ്യാഭ്യാസ വായ്പ.

നാടകരംഗത്തെ അവശകലാകാരൻമാരെ സംരക്ഷിക്കാൻ നടപടി

124 [1470] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സഹകരണകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടകകലയെ പ്രോൽസാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) നാടകരംഗത്ത് നിന്ന് പിൻവാങ്ങിയ അവശകലാകാരൻമാരെ സഹായിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാന പ്രൊഫഷണൽ നാടകമൽസരം, അമേച്വർ നാടക മൽസരം, നാടകശില്പശാല, നാടകോൽസവം എന്നിവ സംഘടിപ്പിക്കുന്നുണ്ട്. നാടകകലാകാരൻമാർക്ക് അവാർഡ് നൽകി ആദരിക്കുന്നുണ്ട്. കലാകാര പെൻഷൻ നൽകുന്നുണ്ട്. ചികിൽസാ ധനസഹായം കൂടുതൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) അവശരായ കലാകാരൻമാർക്ക് ചികിൽസാ ധനസഹായം, കലാകാര പെൻഷൻ എന്നിവ നൽകിവരുന്നുണ്ട്.

നാഷണൽ ഹൈവേയിൽ സൈൻബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

125 [1471] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. മുഹമ്മദാലി:
,, വി. ജെ. പൗലോസ്:
,, സി. പി. മുഹമ്മദ്:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly